(6) കോഴിക്കോട് എഫ്.സി.ഐ. ഗോഡൗണിലെ സമരം

ശ്രീ. സി. മൊയിൻകുട്ടി : സർ, കോഴിക്കോട് വെസ്റ്റ് ഹിൽ എഫ്.സി. ഐ. ഗോഡൗണിൽ നിലവിലുള്ള സമരം കാരണം ഉളവായിട്ടുള്ള സ്തംഭനാവസ്ഥയാണ് എനിക്ക് സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. 1999 ജൂൺ മാസം 11-ാം തീയതി മുതൽ അവിടത്തെ 268 തൊഴിലാളികൾ സമരത്തിലാണ്. ഡയറക്ട് പേയ്മെന്റ് സിസ്റ്റം നടപ്പിലാക്കാൻ വൈമുഖ്യം കാണിക്കുന്നതാണ് ഈ സ്തംഭനാവസ്ഥയ്ക്ക് കാരണം. 45,000 ടൺ ഭക്ഷ്യധാന്യമാണ് അവിടെ കെട്ടിക്കിടക്കുന്നത്. ഏകദേശം 10,000 ടൺ ഗോതമ്പ് മഴയും വെയിലുംകൊണ്ട് ഗോഡൗണിന്റെ പുറത്ത് കിടക്കുകയാണ്. എഫ്.സി.ഐ. ഗോഡൗണിൽ 1998 ജൂൺ 11 -നാണ് എഗ്രിമെന്റിന്റെ കാലാവധി അവസാനിച്ചിട്ടുള്ളത്. ഒരു കൊല്ലമായി അവിടെ ഒരു ബദൽ സംവിധാനമില്ല; ഒരു നടപടിയുമില്ലായെന്നുള്ളതാണ് സത്യം. 1996-ൽ കേരളത്തിൽ ഭൂരിപക്ഷം പ്രദേശങ്ങളിലും ഡയറക്ട് പേയ്മെന്റ് സിസ്റ്റം നടപ്പിലാക്കി. ഇവിടെ ഒരു വർഷമായിട്ടും ഈ കാര്യത്തിൽ ഗവൺമെന്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ ഗൗരവമായി ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കണമെന്ന് അപേക്ഷിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : കോഴിക്കോട് ഫുഡ് കോർപ്പറേഷൻ ഗോഡൗണിലെ തൊഴിലാളികൾ ഇന്ന് സമരത്തിലാണ്. ഡയറക്ട് പേമെന്റ് നടപ്പിലാക്കുന്നത് സ്റ്റേറ്റ് ഗവൺമെന്റിന്റെ നിയന്ത്രണത്തിലല്ല. സ്റ്റേറ്റ് ഗവൺമെന്റ് ഇതിനുവേണ്ടി ധാരാളം പരിശ്രമം നടത്തുന്നുണ്ട്. രണ്ടുമൂന്നുദിവസം മുമ്പ് പുതിയ സോണൽ മാനേജരും ഞാനുമായി സംഭാഷണം നടത്തി ഉടനേതന്നെ അവിടെ ഡയറക്ട് പേയ്മെന്റ് സിസ്റ്റം നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പക്ഷേ ഫുഡ് കോർപ്പറേഷൻ ഇതുവരെ അവിടെ ഡയറക്ട് പേമെന്റ് സിസ്റ്റം നടപ്പാക്കിയിട്ടില്ല. അവർ സമരത്തിലാണ്. അവർക്ക് ഡയറക്ട് പേയ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ശക്തമായി അവരെ പിന്തുണയ്ക്കുന്നുണ്ട്. അവിടെ പൊതുവിതരണത്തിന് യാതൊരു തടസ്സവും നേരിട്ടില്ല. 19.6.1999 മുതൽ മൊത്ത വ്യാപാരികൾക്ക് കോഴിക്കോട് റെയിൽവേ ഗുഡ്സ് ഷെഡ്ഡിൽ നിന്ന് നേരിട്ട് ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് 19.6.1999 മുതൽ 30.6.1999 വരെ 4430 മെട്രിക് ടൺ അരിയും 7.7.1999-ൽ 800 മെട്രിക് ടൺ അരിയും നൽകി. തുക അടച്ചിട്ടുള്ളതിൽ 400 മെട്രിക് ടൺ അരി മാത്രമേ കൊടുക്കാനുള്ളൂ. അരി വിതരണത്തിന് യാതൊരു കുഴപ്പവും പറ്റിയിട്ടില്ല. റെയിൽവേ ഗുഡ്സ് ഷെഡ്ഡിൽ നിന്ന് എടുത്തുകൊടുക്കുകയാണ് ചെയ്യുന്നത്. ഗോഡൗണിൽ അരി കെട്ടിക്കിടക്കുന്നുവെന്ന് പറയുന്നത് ശരിയാണ്. അത് നീക്കം ചെയ്യണമെങ്കിൽ അവരുടെ സമരം തീർത്തെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. തൊഴിലാളികൾക്ക് ഇക്കാര്യം അറിയാവുന്നതാണ്. സംസ്ഥാന ഗവൺമെന്റ് മാത്രമായി ചെയ്യാവുന്ന ഒരു കാര്യമല്ല. എങ്ങനെയെങ്കിലും സമ്മർദ്ദം ചെലുത്തി എഫ്.സി.ഐ. യെക്കൊണ്ട് ഇത് സമ്മതിപ്പിക്കുന്നതിന് ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്.

(7) വർക്കല നിയോജകമണ്ഡലത്തിലെ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് കൈവശഭൂമി പതിച്ചു കൊടുക്കൽ

ശ്രീ. എ. അലി ഹസ്സൻ : പലപ്പോഴും ഇവിടെ ചർച്ചാവിഷയമായ ഒരു സുപ്രധാന പ്രശ്നമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ച് വർക്കല നിയോജകമണ്ഡലത്തിലെ

LIBRARY ARCHIVES Kerala Legislative Assembly